ഓരോന്നിനും അതാതിന്റെ രംഗത്തിൽ ചില മെച്ചങ്ങളുണ്ട്. ചില രോഗങ്ങളെ സംബന്ധിച്ചേടത്തോളം ചില പ്രത്യേക സമ്പ്രദായങ്ങൾ മറ്റുള്ളവയിലും മെച്ചപ്പെട്ടതായിയെന്നുവരാം. ഓരോ ചികിത്സാസമ്പ്രദായത്തിനും അതാതിന്റെ രീതിയനുസരിച്ചു പ്രവർത്തിക്കുവാനുള്ള സൌകര്യങ്ങൾ ഗവൺമെണ്ടു ചെയ്തുകൊടുക്കണമെന്നേ എനിക്കു പറയുവാനുള്ളൂ.

ബഹുമാനപ്പെട്ട മെമ്പർ മിസ്റ്റർ സുലൈമാൻ ഒരു കഥ പറയുകയുണ്ടായി. ഒരു ഹോമിയോപ്പതി ഡോക്ടർ ഒരു രോഗിയെ ചികിത്സിച്ചു. മൂന്നു മണിക്കൂർകൊണ്ടു് അയാളെ കൊന്നുകളഞ്ഞു എന്നാണു് കഥ. അങ്ങിനെ രോഗികളെ കൊല്ലുക എന്നുള്ളതു് ഹോമിയോപ്പതി വൈദ്യന്മാരുടെ അറിവില്ലായ്മകൊണ്ടോ, അപാകതകൊണ്ടോ സംഭവിച്ചിരിക്കാം. എന്നല്ലാതെ, അതു ചികിത്സാസമ്പ്രദായത്തിന്റെ ദോഷമല്ല. ഒരു ചികിത്സാസമ്പ്രദായം ശരിക്കു പരിശീലിച്ചിട്ടില്ലാത്ത ചില ആളുകൾ ഉണ്ടെന്നുവെച്ചു് ആ ചികിത്സാസമ്പ്രദായത്തെ നാടുകടത്തണമെന്നു പറയുന്നതു് ശരിയാവില്ല. നെല്ലിൽ പതിരുണ്ടെന്നുവെച്ചു് നാം അതു ഭക്ഷിക്കാതിരിക്കുന്നില്ല. മതാചാര്യന്മാർ മനഃസ്സാക്ഷിയില്ലാത്തവരായതുകൊണ്ടു് നാം ഈശ്വരനെ കുറ്റം പറയാറുണ്ടോ? മനുഷ്യരിൽ ചിലർ അപഥസഞ്ചാരം ചെയ്യാറുണ്ടെങ്കിൽ, അതിനു് പാവനമായ മനുഷ്യത്വത്തിന്മേൽ നാം കല്ലെറിയാറുണ്ടോ?

പിന്നെ രോഗികളെ കൊല്ലാനുള്ള അവകാശം ഹോമിയോപ്പതി വൈദ്യന്മാർക്കുമുള്ളതല്ല; മറ്റു പല വൈദ്യന്മാരും മിക്കച്ച ഡോക്ടർമാരും അതു നിഷ്പ്രയാസം നിർവ്വഹിക്കാറുണ്ടു്. ഒരു രോഗിയെ കൊല്ലാൻ മൂന്നു മണിക്കൂറല്ല, മൂന്നു മിനിട്ടുമാത്രം മതിയാവുന്ന എത്രയോ ഡോക്ടർമാരെ ഞാൻ കാണിച്ചുതരണം?

മറ്റു ചികിത്സാസമ്പ്രദായങ്ങളെപ്പോലെ ഹോമിയോപ്പതിയേയും പരിഗണിച്ചു് ഗവൺമെണ്ടു് അതിനെ പ്രോത്സാഹിപ്പിക്കണമെന്നുമാത്രമാണു് ഞാൻ പറയുന്നതു്. എന്നല്ല, ഗവൺമെണ്ടു് അംഗീകരിക്കുകയാണെങ്കിലെ ഇത്തരം ചികിത്സാസമ്പ്രദായങ്ങൾക്കു് വല്ല പ്രായോഗികമായ ദോഷങ്ങളുണ്ടെങ്കിൽതന്നെ, ആ ദോഷങ്ങൾ പരിഹരിക്കുവാൻ സാധിക്കുകയുള്ളൂ. അപ്പോൾ, പരിശീലനം കിട്ടാത്ത ചികിത്സകന്മാരുണ്ടാവുകയില്ല. ഹോമിയോപ്പതി സമ്പ്രദായത്തെ പ്രോത്സാഹിപ്പിക്കണമെന്നപേക്ഷിക്കുന്നതോടുകൂടി അവസാനമായി ഒരു നിർദ്ദേശംകൂടിയുണ്ടു്. ചില ഹോമിയോപ്പതി വൈദ്യന്മാരുമായി എനിക്കു സംസാരിക്കാൻ സാധിച്ചതിൽ മാനസികരോഗങ്ങൾക്കു് ഇതു് കൈകണ്ട ഒരു ചികിത്സാപദ്ധതിയാണെന്നു് എനിക്കറിയാൻ കഴിഞ്ഞിട്ടുണ്ടു്. അതും പരീക്ഷിച്ചുനോക്കാൻ വിരോധമില്ലല്ലൊ. നമ്മുടെ നാട്ടിൽ മാനസികരോഗങ്ങൾക്കു് കുറവില്ല. പോരെങ്കിൽ മെൻറൽ ഹോസ്പിറ്റലിലും ഉണ്ടു്. അവിടെ ഹോമിയോപ്പതി പ്രത്യേകിച്ചും ഒന്നു പരീക്ഷിക്കുന്നതു നന്നായിരിക്കും. ഞാൻ ഉപക്ഷേപം പിൻവലിക്കുന്നു.

*Motion, by leave, withdrawn*

### (ii) Injustice to Depressed class patients in Government Hospitals

മിസ്റ്റർ കെ. കെ. കണ്ണൻ: "To reduce the allotment of Rs. 15,24,467 for Medical in Demand No. 26 by Re. 1 (To bring to the notice of the Government the grave injustice shown to the Depressed class patients at some of the Government Hospitals and grant-in-aid Dispensaries in the State during the last few months") സർ, ഈ ഖണ്ഡനോപക്ഷേപം ഇവിടെ അവതരിപ്പിക്കുവാൻ ഉദ്ദേശിക്കുന്നതു് ഇതിൽ പറയുന്ന സംഗതി ഗവൺമെണ്ടിന്റെ ശ്രദ്ധയിൽപെടുത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു്. രോഗികളായിട്ടുള്ള അധഃകൃതർ ആസ്പത്രികളിൽ ചെന്നാൽ അവർക്കു് വേണ്ടത്ര വൈദ്യസഹായം ലഭിക്കുന്നില്ലെന്നുള്ള സംഗതി ഇന്നു് സാധാരണയായി കണ്ടുവരുന്നതാണു്. എന്നുമാത്രമല്ല, ഭയങ്കരമായവിധത്തിൽ മർദ്ദിക്കപ്പെട്ടു് ആസ്പത്രികളിൽ ചെല്ലുന്ന അധഃകൃതർക്കു് വേണ്ടത്ര വൈദ്യസഹായം ലഭിക്കാതിരിക്കുകയും പരുക്കുകളൊ കേടുകളൊ ഉള്ളതുപോലും certify ചെയ്യാതെ അവരെ നിർദ്ദയം ആസ്പത്രികളിൽനിന്നും ആട്ടിപ്പായിക്കുകയും ചെയ്തതായ പരാതികളും എന്റെ ശ്രദ്ധയിൽ പെടുകയുണ്ടായിട്ടുണ്ടു്. അതിനെ സംബന്ധിച്ചു് പലപ്പോഴും ഞാൻ ഗവൺമെണ്ടിലേക്കു റിപ്പോർട്ടുചെയ്യുകയും ചെയ്തിട്ടുള്ളതാണെന്നു് ഞാൻ ഇവിടെ പ്രസ്താവിക്കുവാൻ ആഗ്രഹിക്കുന്നു. എന്നാൽ കാര്യമായി ഈ ആക്ഷേപങ്ങളെക്കുറിച്ചു് ഒരു നടപടി ഇന്നും ഉണ്ടായിട്ടില്ലെന്നു് വ്യസനസമേതം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. എന്റെ ഈ ആക്ഷേപം ശരിയാണെന്നു് ഗവൺമെണ്ടിനെ ബോദ്ധ്യപ്പെടുത്തുന്നതിനു്, ഒന്നരണ്ടു് സംഭവങ്ങൾ മാത്രമേ ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കാൻ ഉദ്ദേശിക്കുന്നുള്ളൂ. [illegible] ചിങ്ങത്തിൽ ചോന്നമ്മ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. K. Kannan]

ഗലത്തു് കാവലൻ എന്ന ഒരു പുലയനെ കുരാപ്പിള്ളി വറിയു റപ്പായിയും വേറെ ചില ആളുകളുംകൂടി ദേഹോപദ്രവമേല്പിക്കുകയുണ്ടായി. ഈ കാവലനെ കൊടുങ്ങല്ലൂർ ആസ്പത്രിയിൽ കൊണ്ടുചെന്നു. അവിടെ പത്തുപതിനൊന്നുദിവസം കിടത്തി ചികിത്സിക്കുകയുണ്ടായി. എന്നാൽ സുഖക്കേടു മാറാതെതന്നെ പേരു വെട്ടി വിടുവിക്കുകയാണുണ്ടായതു്. മൂന്നാലു ദിവസം വീട്ടിൽ വന്നു കിടന്നശേഷം സുഖക്കേടിന്നു യാതൊരു കുറവും കാണാതെ സുഖക്കേടു വർദ്ധിച്ചു് എറണാകുളത്തു കൊണ്ടുവന്നു ജനറൽ ആസ്പത്രിയിൽ ചേർക്കുകയുണ്ടായി. നാലഞ്ചുദിവസം കഴിഞ്ഞശേഷം ജനറൽ ആസ്പത്രിയിൽനിന്നും പേരു വെട്ടി വിട്ടു. ഈ സംഗതി എന്റെ ശ്രദ്ധയിൽ പെടുകയും ഞാൻ അയാളെ കൂട്ടിക്കൊണ്ടുപോയി എറണാകുളം ജനറൽ ആസ്പത്രിയിൽ വീണ്ടും ചേർക്കുകയുമാണുണ്ടായതു". തീച്ചുയായിട്ടും കൊടുങ്ങല്ലൂർ ആസ്പത്രിയിൽനിന്നു് അയാളെ സുഖക്കേടു മാറാതെ പേരു വെട്ടി വിട്ട എന്നുള്ള സംഗതി തികച്ചും ആക്ഷേപാർഹമാണെന്നു് എനിക്കു പറയാതെ ഗത്യന്തരമില്ല. ഇതുപോലെതന്നെ ആവിണിശ്ശേരി വില്ലേജിൽ മുടിപ്പിലായി അയ്യപ്പക്കുട്ടി ഭാര്യ മേലായി എന്ന സ്ത്രീയെ അക്കര പാടക്കുട്ടി കരിയ എന്നൊരാൾ . . . . . .

**Mr. M. K. Raja** *(Mulakunnathukavu)*: May I make a suggestion, Sir would it not be better not to mention the names of the assailants but only the names of the victims?

**Mr. K. K. Kannan** *(Nominated)*: It is only to point out the facts to the Government.

കഠിനമായി ഉപദ്രവിച്ചു. പരിശോധനയ്ക്കുവേണ്ടി ചെപ്പു് ഡിസ്പെൻസറിയിൽ കൊണ്ടുപോയി. പക്ഷെ അവിടത്തെ ഡാക്ടർ യാതൊരുവിധത്തിലും, ആ സ്ത്രീയെ ശരിയായവിധത്തിൽ ശോധിക്കാതെ എന്നു മാത്രമല്ല, ഒരു നേരത്തെ മരുന്നുപോലും കൊടുക്കാതെയാണു് അവരെ പറഞ്ഞയക്കുകയുണ്ടായതു്. ഈ സ്ത്രീ ഏതാനും ദിവസം കഴിഞ്ഞശേഷം എറണാകുളത്തു എന്റെ അടുത്തു വരുകയുണ്ടായി. എറണാകുളം ജനറൽ ആസ്പത്രിയിൽ ചേരുന്നതിന്നുവേണ്ടി സിവിൽ സർജ്ജനു് ഒരെഴുത്തോടുകൂടി ഞാൻ ആ സ്ത്രീയെ പറഞ്ഞയച്ചു. പക്ഷെ, ഏതൊ തല്പര കക്ഷികളുടെ, ഒരുപക്ഷെ അവരെ മർദ്ദിച്ച ആളുകളുടെ പ്രേരണകൊണ്ടാണെന്നു് തോന്നുന്നു, അവൾക്കു് അവിടെ admission കിട്ടാതെ വീണ്ടും എന്റെ അടുത്തു മടങ്ങി വരുകയും ചിന്നിട്ട ഞാൻ ആ സ്ത്രീയെ തൃശ്ശിവപേരൂർ സിവിൽ ആസ്പത്രിയിലേക്കുതന്നെ പറഞ്ഞയക്കുകയുമാണുണ്ടായതു്. അങ്ങോട്ടു് പറഞ്ഞയക്കാൻ കാരണം, അവിടെയാണു് അവൾക്കു വളരെ സൌകര്യമെന്നു എനിക്കു തോന്നിയതുകൊണ്ടാണു്. തൃശ്ശിവപേരൂർ ആസ്പത്രിയിൽ എതാനും ദിവസങ്ങൾ കിടന്നതിന്നുശേഷം സുഖക്കേടു ഭേദമാകാതെ അവിടെനിന്നും പേരു വെട്ടിവിട്ടു. ഞാൻ യാദൃശ്ചികമായി ഒരു സർക്കീട്ടു കഴിഞ്ഞു് തൃശ്ശിവപേരൂർ മടങ്ങി എത്തിയ സമയത്തു്, ടി സ്ത്രീ എന്നെ കാണുകയും അവരെ വീണ്ടും ഞാൻതന്നെ ആ ആസ്പത്രിയിൽ ചേർക്കുന്നതിന്നു് ഇടവരുകയും ചെയ്തു.

റാവുബഹദൂർ ടി. കെ. നായർ : എന്തായിരുന്നു സുഖക്കേടു്?

മിസ്റ്റർ കെ. കെ. കണ്ണൻ : തല്ലുകൊണ്ട സുഖക്കേടാണു്. ഇതു രണ്ടുദാഹരണങ്ങളാണു്. ഇതുപോലെ തല്ലു കൊള്ളാതെയും ആസ്പത്രികളിൽ ചെന്നാൽ വേണ്ടത്ര വൈദ്യസഹായം കിട്ടാതെ മടങ്ങിപ്പോരേണ്ടി വരുന്നുണ്ടു്. ഈ എറണാകുളത്തും ജനറൽ ആസ്പത്രിയിൽതന്നെ ഇതു കൂടാതേയും പല സംഭവങ്ങളുണ്ടായിട്ടുണ്ടു്. പേരു വെട്ടി പുറത്തിറക്കിയ രോഗികളേയും അവിടെ ഞാൻ രണ്ടാമതും കൊണ്ടുപോയിട്ടോ കത്തുമൂലമോ ചേർത്തിട്ടുള്ള സംഗതി ഒരു പരമാർത്ഥം മാത്രമാണു്. ബഹുമാനപ്പെട്ട മന്ത്രി ഈ സംഗതികളെല്ലാം അറിഞ്ഞിട്ടുണ്ടെന്നു് തോന്നുന്നില്ല. തന്മൂലം ഗവർമ്മെണ്ടിനെ ഞാൻ കുറപ്പെടുത്തുകയല്ല ചെയ്യുന്നതു്. ഈ പാവപ്പെട്ട ആളുകൾക്കു് പണം കൊടുത്തു മരുന്നു വാങ്ങുന്നതിന്നോ, എറണാകുളം ജനറൽ ആസ്പത്രിയിൽ Pay-ward-ൽ പോയി കാത്തുകൊടുത്തു ചികിത്സിക്കുന്നതിന്നോ സാധിക്കുകയില്ല എന്നുള്ള സംഗതി ആലോചിക്കുകയാണെങ്കിൽ അവർക്കു ഗവർമ്മെണ്ടിന്റെ സഹായം ഒന്നുമാത്രമാണു് ഈ കാര്യത്തിൽ ഉണ്ടാകേണ്ടിയിരിക്കുന്നതു്. ആസ്പത്രികളിൽ പാവപ്പെട്ട ആളുകൾക്കു യാതൊരുവിധ വൈദ്യസഹായവും കിട്ടാതിരിക്കുകയാണെങ്കിൽ അതു വലിയ ഒരനീതിയാണെന്നു് ഊന്നിപ്പറയാതെ നിവൃത്തിയില്ല. അതുകൊണ്ടു് പൊതുജനാരോഗ്യമന്ത്രി ഇതിന്നു വേണ്ടത്തക്ക നടപടികളെടുക്കുകയും, ഇനിയെങ്കിലും ഈവക ആക്ഷേപങ്ങൾ കൂടാതെ കഴിക്കുകയും ചെയ്യേണ്ടതാണെന്നു് ഞാൻ അദ്ദേഹത്തിനെ ഉൽബോധിപ്പിക്കുന്നു. ഇനി അദ്ദേഹത്തിന്റെ മറുപടി കേട്ടതിന്നുശേഷം എനിക്കു എന്തെങ്കിലും പറയാനുണ്ടെങ്കിൽ പറയാമെന്നു വിശ്വസിച്ചുകൊണ്ടു് തല്ക്കാലം വിരമിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

റാവു ബഹദൂർ ടി. കെ. നായർ : സർ, ഗവൺമെണ്ട ആസ്പത്രികളിൽ അധഃകൃതക്ക് വേണ്ടത്ര സൌകര്യങ്ങളം കിട്ടുന്നില്ലെന്നുള്ള എന്റെ മാന്യ സ്നേഹിതന്റെ മിസ്റ്റർ കണ്ണന്റെ ആക്ഷേപത്തേക്കാളം കവിഞ്ഞ ഒരു കുറ്റം ഈ വകുപ്പ് കൈവശം വെച്ചുകൊണ്ടിരിക്കുന്ന ഒരു മന്ത്രിക്ക ഉള്ളതായിട്ട ഞാൻ വിശ്വസിക്കുന്നില്ല. ചുരുക്കിപ്പറയുകയാണെങ്കിൽ പണക്കാർക്കുമാത്രമേ ആസ്പത്രികളം ഉപകരിക്കുന്നുള്ള എന്നും പണമില്ലാത്ത ആളുകൾക്ക ഗവൺമെണ്ട ആസ്പത്രികളം ഒരു തരത്തിലും ഉപകരിക്കുന്നില്ലെന്നുമാണ അദ്ദേഹം പറഞ്ഞതിന്റെ സാരമെന്ന ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ടുതന്നെ നമ്മുടെ ആസ്പത്രികളം അധഃപതിച്ചിട്ടുണ്ടെന്ന എനിക്ക വിശ്വാസമില്ല. ആസ്പത്രികളിൽ അഡ്മിഷൻ കിട്ടുന്നില്ലെന്നുള്ള ആവലാതി ധാരാളമായിട്ട കൊച്ചിരാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിലും കേൾക്കുന്നുണ്ട്. എനിക്ക കിട്ടിയ ആക്ഷേപങ്ങളം മുഴുവൻ ഉടനടി ഞാൻ അന്വേഷിച്ചതിൽ ആസ്പത്രിയിലുള്ള ബെഡ്ഡുകളും വരാന്തയിലും കൂടി ആളുകളെ കിടത്തിയതിനുശേഷം സൌകര്യമില്ലാതെ വന്നപ്പോൾ ചിലരെ പുറത്തു പോകേണ്ടിവന്നിട്ടുണ്ട എന്നാണ് എനിക്ക മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുള്ളത്. അങ്ങിനെയുള്ള സന്ദർഭങ്ങളിൽ ആസ്പത്രിയിൽ കിടത്തി ചികത്സിക്കുവാൻ ആ ഡാക്ടർക്ക സാധിക്കാതെ വരുന്നതിൽ എത്രത്തോളം ആ ഡാക്ടരെ ഗവൺമെണ്ടിനു കുറ്റപ്പെടുത്താം എന്നുള്ളതു നിയമസഭതന്നെ ആലോചിച്ചാൽ മതി. ഇങ്ങിനെയുള്ള പരാതികളം തീർക്കുവാൻവേണ്ടി കൊച്ചിരാജ്യത്തു എല്ലാ സ്ഥലങ്ങളിലുമുള്ള ആസ്പത്രികളിൽ കഴിയുന്നത്ര കൂടുതൽ സൌകര്യങ്ങളം ഉണ്ടാക്കി തീർക്കുവാനുള്ള ഏർപ്പാടുകളം ചെയ്യുവാൻ ഗവൺമെണ്ട ആലോചിച്ചുവരുന്നുണ്ട്. എന്റെ മാന്യ സ്നേഹിതൻ മിസ്റ്റർ കണ്ണൻ അവതരിപ്പിച്ചിട്ടുള്ള ഈ ഉപക്ഷേപത്തിലെ ഒടുവിലത്തെ ഭാഗം, last few months എന്ന വാക്കുകളം അദ്ദേഹം മനഃപൂർവ്വം ചേർത്തതായിരിക്കയില്ലെന്ന ഞാൻ വിശ്വസിക്കുന്നു.

മിസ്റ്റർ കെ. കെ. കണ്ണൻ : മനഃപൂർവ്വമല്ല.

റാവു സാഹിബ് ടി. കെ. നായർ : Thank you. അങ്ങിനെയാണെന്നുണ്ടെങ്കിൽ ഞാൻ ചാർജ്ജടുത്തതിനുശേഷം പ്രത്യേകിച്ചും അനുഭവിച്ച എന്നാണ് അതിന്റെ സാരം. ചുരുക്കം മാസത്തിനുള്ളിലാണെങ്കിൽ, ചിങ്ങമാസത്തിനുമുമ്പ് ഉണ്ടായിരുന്നില്ലെങ്കിൽ, അല്ലെങ്കിൽ മുമ്പുണ്ടായിരുന്നതു തുടർന്നവരുന്നുവെങ്കിൽ.....

മിസ്റ്റർ കെ. കെ. കണ്ണൻ : ഇതിനുമുമ്പും ധാരാളമുണ്ടായിരുന്നു.

റാവു സാഹിബ് ടി. കെ. നായർ : എന്നാൽ മതി. Ideal condition-ൽ നമ്മുടെ ആസ്പത്രികളെ ആക്കിയെന്ന ഞാൻ പറയുന്നില്ല. ഞാൻ ചിങ്ങമാസത്തിൽ ചാർജ്ജെടുത്തതിനുശേഷം ആസ്പത്രികളിൽ അധഃകൃതരുടെ കാര്യത്തിൽ ഉണ്ടായിട്ടുള്ള ചില സംഗതികളെ എനിക്ക ഈ നിയമസഭയെ ധരിപ്പിക്കുവാനുണ്ട്. അദ്ദേഹം പറയുന്നതു വളരെ വാസ്തവമായിട്ടുള്ള സംഗതിയാണെന്ന ഞാൻ വകവെച്ചു കൊടുക്കാം. അദ്ദേഹത്തിനു അനുഭവപ്പെട്ടിട്ടുള്ള സംഗതികളെ നിയമസഭയിൽ കൊണ്ടുവരികയുള്ളു എന്നു ഞാൻ വിശ്വസിക്കുന്നു. അതോടൊപ്പംതന്നെ ചില ബുദ്ധിമുട്ടുകളുള്ളതു തുറന്നു പറയാതെ നിവൃത്തിയില്ല. ആസ്പത്രിയിൽ വല്ല തല്ലോ അടിയോ ഏറുകൊണ്ടു കേസുണ്ടെന്നു പറഞ്ഞു ഒരധഃകൃതൻ അവിടെ ചെന്നാൽ രണ്ടോ മൂന്നോ ദിവസം കിടത്തി ചികത്സിച്ചു മുറിവിധം സുഖമായതിന്റെശേഷം അയാളെ പറഞ്ഞയക്കണമെന്നാണ് ഡാക്ടരുടെ നില. അങ്ങിനെ പറഞ്ഞയക്കുകയാണെങ്കിൽ അവിടെ ഒരു വടംവലി നടക്കും. അതാണ് ഈ കുഴപ്പം. രോഗിയും ഡാക്ടരുമായിട്ടല്ല ഈ വടംവലി, പുറത്തുള്ള ആളുകളം തമ്മിലാണ്. അതായതു പത്തു ദിവസം ആസ്പത്രിയിൽ കിടന്നാൽ അതു ഗ്രീവസ് ഹർട്ടായി.

മിസ്റ്റർ കെ. കെ. കണ്ണൻ : പത്തു ദിവസം ആകുവാൻ പാടില്ലാത്തതു എന്താണ്?

റാവു സാഹിബ് ടി. കെ. നായർ : പത്തു ദിവസം കിടക്കേണ്ടതാണെന്നാണ് ഇവരുടെ വാദം.

മിസ്റ്റർ എം. കെ. രാജാ : ഈ രണ്ടൊന്നു അമന്റെ ചെയ്യുകൂടെ?

റാവു ബഹദൂർ ടി. കെ. നായർ : അതു പീനൽ കോഡിലെ ഒരു സെക്ഷനാണ്. അങ്ങിനെ പത്തു ദിവസത്തിനുമുമ്പു രോഗികളെ പുറത്തേക്ക വിടുന്നതു ഇതിനുവേണ്ടിയാണെന്നാണ് അവരുടെ വ്യാഖ്യാനം.

മിസിസ്സ് കെ. എം. ജോർ. മേനോൻ : ടൈഫോയിഡായി കിടക്കുന്ന രോഗികളേയും പത്തു ദിവസത്തിനുമുമ്പ് പുറത്താക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

റാവു ബഹദൂർ ടി. കെ. നായർ : അങ്ങിനെയല്ല. തല്ലുപിടിച്ചു് പരുക്കുപറ്റിവരുന്ന രോഗികളുടെ കാര്യമാണു് പറഞ്ഞതു്. ചില കേസുകളിൽ രണ്ടു ദിവസം കിടക്കണമെന്നു നിർബ്ബന്ധമുള്ള രോഗികളുണ്ടാകും. ഒരു സമയം രണ്ടു മണിക്കൂർ അവിടെ കിടത്തുവാൻ സൌകര്യമുണ്ടായകില്ല.

മിസ്റ്റർ പി. കെ. ഡീവർ : മറിച്ചും വരുകയില്ലെ?

റാവു ബഹദൂർ ടി. കെ. നായർ : മറിച്ചു വരാം. അദ്ദേഹം പറഞ്ഞു ആസ്പത്രിയിൽ നിന്നു പുറത്താക്കിയ രോഗിയെ രണ്ടാമതും അദ്ദേഹം കൊണ്ടുപോയി അഡ്മിറ്റ ചെയ്യിപ്പിച്ചു എന്നു്. അതു പരമാർത്ഥമാണു്. കൊച്ചിരാജ്യത്തുള്ള ഏതാസ്പത്രികളിലും അദ്ദേഹം കൊണ്ടുചെല്ലുന്ന രോഗികളെ അഡ്മിറ്റ ചെയ്യാതിരിക്കുവാൻ നിവൃത്തിയില്ല. മൂന്നോ നാലോ ദിവസം കിടത്തിയതിന്റെശേഷം ആസ്പത്രിയിൽനിന്നു സുഖമാകാതെ പുറത്താക്കി എന്ന ഒരു ആക്ഷേപം കിട്ടിയപ്പോൾ ഞാൻ നേരിട്ടു പോയി അന്വേഷിച്ചു. ആ അവസരത്തിൽ എനിക്കു ബോദ്ധ്യപ്പെട്ടതു് ആസ്പത്രിയിൽ കിടക്കണമെന്നു രോഗിക്കു നിർബ്ബന്ധം. കിടക്കേണ്ടതായ ആവശ്യമില്ലെന്നു ഡാക്ടരുടെ നിർബ്ബന്ധം. ചില സ്ഥലത്തുനിന്നു് രോഗി നിർബ്ബന്ധിച്ചിട്ടും രണ്ടോ നാലോ ദിവസം കഴിഞ്ഞെ അയക്കുകയുള്ളു എന്നു ഡാക്ടർ നിർബ്ബന്ധിക്കുന്നതായും ആക്ഷേപക്കാരുണ്ടു്. ഈ മാതിരിയുള്ള കേസുകളിൽ ചിലതു ഞാൻ അന്വേഷണം ചെയ്തപ്പോൾ കിട്ടിയ വിവരം ഞാൻ അദ്ദേഹത്തിനു കൊടുത്തിട്ടുണ്ടു്. ഈവക കാര്യങ്ങളിൽ ആക്ഷേപം കിട്ടിയാൽ അതു ചവറ്റു കൊട്ടയിൽ തള്ളാറില്ല. ഈ സാധുക്കളായിട്ടുള്ളവരുടെ പേരിൽ പ്രത്യേകിച്ചു് ദയവു വിചാരിക്കേണ്ട കാര്യത്തെപ്പറ്റി എല്ലാ ഡാക്ടർമാക്കും ഞാൻ ഇൻസ്ട്രക്ഷൻ കൊടുത്തിട്ടുണ്ടു്. ഇന്നത്തെ ഗവണ്മെണ്ടു് ആസ്പത്രികളും എന്റെ അഭിപ്രായത്തിൽ പണക്കാക്കുള്ളതല്ലെന്നും ദരിദ്രന്മാക്കാണെന്നും, പണമുള്ളവർ Pay-ward-ൽ കിടക്കേണ്ടതാണെന്നും വിശ്വസിക്കുന്ന ഒരുത്തനാണു് ഞാൻ. ഈ നിലക്കു സാധുക്കൾക്കു് എപ്പോഴും ആസ്പത്രികളിൽ വേണ്ടുന്ന സൌകര്യങ്ങളും ചെയ്തു കൊടുക്കുവാനായി ഡാക്ടർമാർ വളരെ ശ്രദ്ധ വെക്കണമെന്നു് ഞാൻ പല അവസരങ്ങളിലും അവരെ ഉപദേശിച്ചിട്ടുണ്ടു്. ആകുന്നത്ര അതനുസരിച്ചു് നടത്തിക്കൊണ്ടു പോകുന്നുണ്ടെന്നാണു് എന്റെ വിശ്വാസം. അങ്ങിനെയല്ലാതെ ഏതെങ്കിലും ഒരു വിഷയത്തിൽ വഴിപിഴച്ചു പോകുന്നുണ്ടെങ്കിൽ, ഏതെങ്കിലും ഒരാസ്പത്രിയിൽ ന്യായരഹിതമായി പ്രവൃത്തിച്ചു എന്ന സംഗതി എന്റെ ദൃഷ്ടിയിൽ പെടുത്തുകയാണെങ്കിൽ ഞാൻ തീർച്ചയായും കർശനമായ നടപടി എടുക്കുന്നതാണു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ : ചേപ്പു് ആസ്പത്രിയിലുണ്ടായ കാര്യത്തെപ്പറ്റി പറഞ്ഞില്ലല്ലൊ.

റാവു ബഹദൂർ ടി. കെ. നായർ : ചേപ്പാസ്പത്രി എന്നു പറഞ്ഞതു് വെറും ഒരു പ്രൈവറ്റ ഡിസ്പെൻസറിയാണു്. അതിൽ ഗവണ്മെണ്ടിന്നു ഒരു കൈയ്യുമില്ല.

മിസ്റ്റർ കെ. കെ. കണ്ണൻ : അതിന്മേൽ ഗവണ്മെണ്ടിന്റെ കൺട്രോൾ ഇല്ലെ?

റാവു ബഹദൂർ ടി. കെ. നായർ : ഇല്ല. അതുകൊണ്ടു് ഈ കാര്യത്തിൽ ഞാൻ ഉറപ്പു തരാം. ഞാൻ അറിയാതെ കൊച്ചിരാജ്യത്തിന്റെ നാനാ ഭാഗങ്ങളിലുമുള്ള ആസ്പത്രികളിൽ പലതും നടന്നേക്കുവാൻ ഇടയുണ്ടു്. അങ്ങിനെ ഏതെങ്കിലുമൊരു കേസു് മിസ്റ്റർ കണ്ണന്റെ ദൃഷ്ടിയിൽ പെടുന്ന അവസരത്തിൽ ആ രോഗിയേയുംകൊണ്ടു് എന്റെ അടുത്തുവന്നു എനിക്കതിൽ ന്യായമായ നടപടിയെടുക്കുവാനുള്ള ഒരു സന്ദർഭമുണ്ടാക്കി തരണമെന്നും ഞാൻ അപേക്ഷിക്കുന്നു. അതിനുള്ള സൌകര്യമുണ്ടാക്കി തരുമെന്നും ഞാൻ വിശ്വസിക്കുന്നു. ഇതിൽ കൂടുതൽ ഒരു അഷ്വറൻസു് തരണമെന്നു തോന്നുന്നില്ല. അതുകൊണ്ടു് ഈ ഉപക്ഷേപം പിൻവലിക്കുവാൻ ഞാൻ അദ്ദേഹത്തോടു് അപേക്ഷിക്കുന്നു.

മിസ്റ്റർ കെ. കെ. കണ്ണൻ: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി വളരെ തൃപ്തികരമാണെങ്കിലും ഒരു സംഗതി പ്രത്യേകം ഇതിനെ സംബന്ധിച്ചു് പറയേണ്ടിയിരിക്കുന്നു. ഈ കൊച്ചിരാജ്യത്തുള്ള ആസ്പത്രികളെല്ലാം പണക്കാക്കുമാത്രമുള്ളതാണു് അതുകൊണ്ടു് സാധുക്കൾക്കു യാതൊരു പ്രയോജനവുമില്ല എന്നുള്ള അർത്ഥത്തിൽ, അങ്ങിനെയുള്ള വിശ്വാസത്തോടുകൂടി ഞാൻ ഇവിടെ യാതൊന്നും പ്രസ്താവിച്ചിട്ടില്ലെന്നാണു് എനിക്കു തോന്നുന്നതു്. എന്നാൽ പല സ്ഥലങ്ങളിലും അവക്കു് വേണ്ടത്ര നിലയിൽ വൈദ്യസഹായം കിട്ടുന്നില്ലെ

LIBRARY ARCHIVES Kerala Legislative Assembly

ന്ന സംഗതി തികച്ചും വാസ്തവമായിട്ടുള്ള ഒന്നാണു്. അതു് ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽ പെടുത്തണമെന്ന ഉദ്ദേശത്തോടുകൂടിയും എല്ലാ ആസ്പത്രികളിലും അധഃകൃതക്ക മാത്രമല്ല പാവപ്പെട്ട എല്ലാ ആളുകൾക്കുംതന്നെ വേണ്ടത്ര വൈദ്യസഹായം ഗവണ്മെണ്ടിൽനിന്നു ലഭിക്കണമെന്നുള്ള സദുദ്ദേശത്തോടുകൂടിയും മാത്രമാണു് ഞാൻ ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. അല്ലാതെ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭരണത്തിൽ വന്നതോടുകൂടി മെഡിക്കൽ വകുപ്പു് ഏറ്റവും അധഃപതിച്ചുപോയിട്ടുണ്ടെന്നു സമർത്ഥിക്കുവാനുള്ള യാതൊരു ദുരുദ്ദേശവും എനിക്കില്ല. കഴിഞ്ഞകൊല്ലം എന്റെ ഒരു ഉപക്ഷേപത്തിന്നു ബഹുമാനപ്പെട്ട മന്ത്രി അവർകൾതന്നെ മറുപടി പറഞ്ഞകൂട്ടത്തിൽ ഈ കാര്യത്തിൽ തക്ക നടപടികൾ എടുക്കുമെന്നും, എടുക്കുന്നതാണെന്നും അദ്ദേഹം ഉറപ്പു പറയുകയുണ്ടായിട്ടുണ്ടു്. അതിന്നുശേഷവും ധാരാളം ആക്ഷേപങ്ങൾ ഉണ്ടായികാണുമ്പോൾ തീച്ചയായും ഗുരുതരങ്ങളായ ആക്ഷേപങ്ങൾക്കു ഒരു സമാധാനം കണ്ടെത്തുന്നതിന്നുള്ള ചുമതല എനിക്കും ആ വകുപ്പിന്റെ ഭരണസാരഥ്യം വഹിക്കുന്ന മന്ത്രിക്കും ഉണ്ടെന്നുള്ള വിശ്വാസത്തോടുകൂടിയാണു് ഞാൻ ഈ സംഗതി ബഹുമാനപ്പെട്ട ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽ പെടുത്തിയതു്. അതിനു അദ്ദേഹം തൃപ്തികരമായ മറുപടി തന്നിട്ടുള്ളതുകൊണ്ടു് എനിക്കു വളരെ സന്തോഷമുണ്ടു്. ഞാൻ പറഞ്ഞയച്ച രോഗിയെ ചേർത്തില്ല എന്നുള്ള വാശിപിടിച്ചു് ഒരു നടപടി നടത്തണമെന്നുള്ളതല്ല എന്റെ ഉദ്ദേശം. യഥാർത്ഥത്തിൽ സുഖക്കേടുണ്ടെങ്കിൽ മാത്രമെ ഒരു രോഗിയെ അവിടെ ചേർക്കേണ്ടതായിട്ടുള്ളൂ. സുഖക്കേടു് ഒരുവിധത്തിൽ മാറിയതിനുശേഷമെ അവിടെനിന്നു പോരുവെട്ടി വിടേണ്ടതായിട്ടുള്ളൂ എന്നുള്ള സംഗതി ഗവണ്മെണ്ടിനെ മനസ്സിലാക്കുന്നതിന്നും മേലാലെങ്കിലും ഈ മാതിരി കുഴപ്പങ്ങൾ കൂടാതെ കഴിക്കുന്നതിന്നും എനിക്കു ആത്മാർത്ഥമായ ആഗ്രഹമുണ്ടു്. അതുകൊണ്ടു് ഒരു മട്ടനക്കേസു് ഉണ്ടാകുമ്പോൾ അതിന്നു ഒരു കേസു നടത്തേണ്ട കാര്യത്തിൽ ഒരു ശരിയായ സർട്ടിഫിക്കറു് ഉണ്ടാകണമെന്നുള്ളതു മാത്രമല്ലാ പ്രത്യുത ആ സുഖക്കേടു് ശരിക്കു മാറുന്നതുവരെ ആശുപത്രിയിൽ കിടത്തണം എന്നുള്ളതുകൂടിയാണു് പ്രധാന ഉദ്ദേശമെന്നു വ്യക്തമാക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ബഹുമാനപ്പെട്ട സഭയും ഗവണ്മെണ്ടും ഈ വസ്തുത ശരിക്കു മനസ്സിലാക്കുകയും അതിന്റെ ആത്മാർത്ഥതയിൽ വിശ്വസിച്ചുകൊണ്ടു് ഗവണ്മെണ്ടു് തക്ക നടപടികൾ എടുക്കാമെന്നു മറുപടി പറയുകയും ചെയ്തിട്ടുള്ളതുകൊണ്ടു് ഞാൻ ഈ സഭയുടെ അനുവാദത്തോടുകൂടി ഉപക്ഷേപം സസന്തോഷം പിൻവലിച്ചുകൊള്ളുന്നു.

*Motion, by leave, withdrawn.*

### (iii) For giving of facilities to licentiates for admission to M.B.B.S. Degree

**Mr. M. K. Raja** *(Mulankunnathukavu)*: Mr. President I beg to move that the allotment of Rs. 15,24,467 for Medical in Demand No. 26 be reduced by Re. 1 (To urge that steps be taken in consultation with the Madras Government to give facilities to the licentiates in the State Medical Service to undergo the necessary course to get themselves admitted to the M. B. B. S. degree). The matter raised in this cut motion is of a very simple nature. The medical service in the State, as in other British Provinces, is now composed of medical men with different standards of medical qualification. There are firstly the medical graduates called M. B. B. S. and then there are the so called licentiates who are L. M. P's. That means in the Medical Service now there is no uniformity of qualifications. There is a double standard. Now this system has its obvious disadvantages, because, some of the higher cadres in the Medical Service are tabooed for people with lesser qualification. In the past—especially in the past few years—there has been going on a virile agitation in the Medical world that the Government must do away with all invidious distinctions between Medical men following the same profession, and there is much to be said in favour of that agitation. It is wrong in principle to have double standard of status for medical men and in pursuance of and in response to that agitation, the Madras Government, I understand, has recently taken the decision to allow the medical licentiates to undergo a course of training in the medical colleges by which they will in good time be able to get themselves admitted into the full degree. I understand that in the Cochin Medical Service there are only about 40 or 50 medical lincentiates at present. Many of them may not be willing to go for this course. Some of them may be too old to take advantage of this. At least there will be some who will be only glad to seize on the opportunity of getting a higher medical qualification by which they will be able to aspire to rise to the highest cadres in the Medical Service. My suggestion is that the Government must follow the

LIBRARY ARCHIVES Kerala Legislative Assembly